**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5001** **11-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ചികിത്സയിൽ ഹോമിയോപ്പതിക്ക് അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Smt Veena George (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗുരുതരമല്ലാത്ത കോവിഡ് രോഗികൾക്ക് ഹോമിയോപ്പതി ചികിത്സ നൽകാമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച കോടതി ഉത്തരവുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഗുരുതരമല്ലാത്ത കോവിഡ് രോഗികൾക്ക് ഹോമിയോപ്പതി ചികിത്സ നൽകാമെന്ന് കേന്ദ്ര സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 2 കോടതി ഉത്തരവുകൾ നിലവിലുണ്ട്. 1. സിവിൽ അപ്പീൽ നം.4049/2020 കേസിന്മേൽ 15.12.2020-ലെ വിധി. 2. WP(C) No.11555/2021 കേസിന്മേൽ 02.06.2021-ലെ വിധി. |
| (ബി) | കോവിഡ് ചികിത്സയിൽ സംസ്ഥാനത്ത് ഹോമിയോപ്പതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; | (ബി) | കോവിഡ്-19-ന് ഹോമിയോപ്പതി വിധിപ്രകാരമുള്ള ചികിത്സയ്ക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടില്ല. എന്നാൽ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്റർ വിതരണം നടത്തുന്നതിനുള്ള അനുവാദം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്ത് ഇമ്മ്യൂൺ ബൂസ്റ്റർ ഇപ്പോഴും വിതരണം നടത്തി വരുന്നു. |
| (സി) | സംസ്ഥാനത്തെ സ്വകാര്യ ഹോമിയോ ഡോക്ടർമാർ കോവിഡ് ചികിത്സ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഹോമിയോപ്പതി വകുപ്പിൽ നിന്നും കോവിഡുമായി ബന്ധപ്പെട്ടും അല്ലാതെയും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമാകുന്നുണ്ടോ; എങ്കിൽ അവ ജനങ്ങളിൽ എത്തിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ഹോമിയോപ്പതി വകുപ്പിൽ നിന്നും കോവിഡുമായി ബന്ധപ്പെട്ടും അല്ലാതെയും നൽകിയിട്ടുള്ള നിർദ്ദേശങ്ങളും അവ ജനങ്ങളിൽ എത്തിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളും.

1. കോവിഡ്-19- പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര ആയുഷ് മന്ത്രാലയം നിർദ്ദേശിച്ച രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്ററായ Ars alb 30 സംസ്ഥാന സർക്കാരിന്റെ അനുവാദത്തോടെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, വിതരണം നടത്തുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ഹോമിയോ) നിർദ്ദേശം നൽകിയിട്ടുണ്ട്.

2. സംസ്ഥാന സർക്കാർ നിർദ്ദേശമനുസരിച്ച് കിടത്തി ചികിത്സാ സൗകര്യമുള്ള ഹോമിയോ സ്ഥാപനങ്ങളിലെ ഐ.പി. ക്ലോസ് ചെയ്യുകയും 2 ആശുപത്രികൾ സി.എഫ്.എൽ.ടി.സി.കൾ ആക്കി മാറ്റുകയും ചെയ്തു.

3. ഹോമിയോ സ്ഥാപനങ്ങളിൽ എത്തുന്ന രോഗികൾക്ക് സംസ്ഥാന സർക്കാരും ആരോഗ്യവകുപ്പും നിർദ്ദേശിച്ചിട്ടുള്ള കോവിഡ്-19 പ്രൊട്ടക്ഷൻ പ്രോട്ടോക്കോൾ (മാസ്ക്ക് ധരിക്കൽ, കൈകഴുകൽ, സാമൂഹിക അകലം പാലിക്കൽ) തുടങ്ങിയ വിവരങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും ജീവനക്കാർ പ്രോട്ടോക്കോൾ പാലിക്കുന്നതിനും നിർദ്ദേശം നൽകുന്നുണ്ട്.

4. ഹോമിയോപ്പതി വകുപ്പ് എല്ലാ വിഭാഗം ജീവനക്കാർക്കും കോവിഡ്-19 സംബന്ധമായ ട്രെയിനിംഗുകൾ നൽകി. ആരോഗ്യ പ്രവർത്തകരോടൊപ്പം ഹോമിയോപ്പതി ജീവനക്കാരും റെയിൽവേ സ്റ്റേഷൻ, എയർ പോർട്ട്, ചെക്ക്പോസ്റ്റ് ഡ്യൂട്ടി, ലേബർ ക്യാമ്പ് ഡ്യൂട്ടി, (അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിലുള്ള പ്രതിരോധ പ്രവർത്തനം) സ്വാബ് കളക്ഷൻ എന്നിങ്ങനെ വിവിധയിനം ജോലികളിൽ ഏർപ്പെടുന്നതിന് നിർദ്ദേശം നൽകുകയും ആയത് പ്രകാരം ഇപ്പോഴും ഇത്തരം പ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നു.

5. ലോക്ഡൗൺ ഉണ്ടായ സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ഹോമിയോ സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ കഴിയാതിരുന്നതിനാൽ ടെലി കൺസൾട്ടേഷൻ വഴി സർവ്വീസ് നടത്തി. ഹോമിയോപ്പതി സ്പെഷ്യൽ പ്രൊജക്ടുകൾ വഴി ടെലി കൗൺസലിംഗ്, മരുന്നുകൾ വീട്ടുകളിൽ എത്തിച്ച് നൽകൽ(ഹോം ഡെലിവറി), പാലിയേറ്റീവ് പരിചരണം, ട്രൈബൽ മേഖലകളിൽ പ്രതിരോധ പ്രവർത്തനം നടത്തൽ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സംഘടിപ്പിക്കൽ, എന്നീ സേവനങ്ങൾ നൽകുവാൻ നിർദ്ദേശം നൽകിയിരുന്നു.

6. പൊതുജനങ്ങളുടെ ബോധവത്ക്കരണത്തിനായി വിവിധയിനം ഐ.ഇ.സി. പ്രവർത്തനങ്ങൾ നടത്തുവാനും നിർദ്ദേശം നൽകിയിരുന്നു. (poster, notice, ലഘുലേഖ, പത്രക്കുറിപ്പ് തുടങ്ങിയവ)

സെക്ഷൻ ഓഫീസർ.